"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ജയിലാസ്ഥാനകാര്യാലയം
പൂജപ്പുര, തിരുവനന്തപുരം - 12
Phone: 0471-2342532
Mail: keralaprisons@gov.in

**<u>നടപടികൾ</u>**

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം – ജീവനക്കാര്യം – RTI ഓൺലൈൻ പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ആഭ്യന്തരം (പി.എസ്) വകുപ്പിന്റെ 24/01/2025 തീയതിയിലെ പി.എസ്. 24/2025/ആഭ്യന്തരം നമ്പർ കത്ത്.

2) 25/09/2024 തീയതിയിലെ CDN -1/18/2023 – പൊ.ഭ.വ-പാർട്ട് (8) നമ്പർ സർക്കുലർ

3) 16.01.2025 തീയതിയിലെ CDN -1/18/2023 – പൊ.ഭ.വ-പാർട്ട് (8) നമ്പർ സർക്കുലർ

**ഉത്തരവ് നമ്പർ: KPCS/1066/2025-E1 തീയതി: 09-04-2025**

പ്രവാസി ലീഗൽ സെൽ ഫയൽ ചെയ്ത WP(C) No. 1040/2019 ബഹു. സുപ്രീം കോടതി 20/03/2023 ന് പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷകൾക്ക് ഓൺലൈൻ ആയി മറുപടി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശനിയമം 2005 ന്റെ പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളിലും RTI Portal നടപ്പിലാക്കുന്നതിനും ഓൺലൈനായി ലഭിക്കുന്ന RTI അപേക്ഷകൾക്ക് സമയബന്ധിതം പാലിച്ച് ഓൺലൈനായി മറുപടി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു.

RTI പോർട്ടലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ വകുപ്പിനും സ്ഥാപന നോഡൽ ഓഫീസറെയും വകുപ്പിന്റെ കീഴിൽ ഉള്ള ഓരോ ആസ്ഥാന/മേഖല/ജില്ലാ സബ് ഓഫീസുകളുടേയും തപാൽ സെക്ഷന്റെ/ ഓഫീസ് സെക്ഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനെ ഓർഗനൈസേഷണൽ നോഡൽ ഓഫീസറായി നിയമിക്കുന്നതിനും ടി നോഡൽ ഓഫീസർമാർ അതാത് ഓഫീസുകളിലെ പബ്ലിക് ഇൻഫൊർമേഷൻ ഓഫീസർമാരെ RTI പോർട്ടലിലേക്ക് ഉൾപ്പെടുത്തുന്നതിനും അതിനുശേഷം പബ്ലിക് ഇൻഫോർമേഷൻ ഓഫീസർമാർ അവർക്ക് കീഴിലുള്ള ഉദ്യോഗസ്ഥരെ RTI Portal-ലേക്ക് ഉൾപ്പെടുത്തുന്നതിനും പരാമർശം 2 പ്രകാരം നിർദ്ദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ജയിലാസ്ഥാനകാര്യാലയത്തിലെ ഫെയർകോപ്പി സൂപ്രണ്ട് ശ്രീ. പ്രമോദ് കുമാർ. കെ. യെ RTI ഓൺലൈൻ പോർട്ടലിന്റെ വകുപ്പുതല നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ടും മേഖല ഡി.ഐ.ജി. ഓഫീസിലെയും ജയിൽ സ്ഥാപനങ്ങളിലെ തപാൽ സെക്ഷന്റെ/ ഓഫീസ് സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഓർഗനൈസേഷണൽ നോഡൽ ഓഫീസർമാരായും നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഉത്തരവ് നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

Vinod Kumar M K
DEPUTY INSPECTOR GENERAL

സ്വീകർത്താവ്: ശ്രീ.പ്രമോദ് കുമാർ.കെ
ഫെയർകോപ്പി സൂപ്രണ്ട്
ജയിലാസ്ഥാനകാര്യാലയം

പകർപ്പ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും